# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.*363** **13.11.2019 ലെ മറുപടി**

## കായലുകളിലേയും നദികളിലേയും മാലിന്യ നിക്ഷേപം

| ചോദ്യം | മറുപടി |
|---|---|
| **ഡോ.എം. കെ. മുനീർ**<br>**ശ്രീ.കെ.എൻ.എ ഖാദർ**<br>**,, പി.കെ.അബ്ദു റബ്ബ് :** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) നിർമ്മാണ സാമഗ്രികളുടെ അവശിഷ്ടങ്ങളും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള പല മാലിന്യങ്ങളും നിക്ഷേപിക്കപ്പെട്ട് സംസ്ഥാനത്തെ മിക്ക കായലുകളുടെയും നദികളുടെയും ജല സംഭരണ ശേഷി കുറയുന്നതാണ് പ്രളയാഘാതം വർദ്ധിപ്പിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ച് കർശന നടപടികൾ സ്വീകരിക്കുവാൻ ആവശ്യമായ നിർദേശം നൽകിയിട്ടുണ്ടോ; | (എ) നിർമ്മാണസാമഗ്രികളുടെ അവശിഷ്ടങ്ങളും മറ്റ് മാലിന്യങ്ങളും ചെളിയും നിക്ഷേപിക്കപ്പെട്ട് സംസ്ഥാനത്തെ നദികളുടെ ജലസംഭരണശേഷി കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രളയത്തെ തുടർന്ന് നടത്തിയ സെൻട്രൽ വാട്ടർ കമ്മീഷന്റെ പഠനപ്രകാരം വേമ്പനാട് കായലിന്റെ ജലവാഹകശേഷി കുറഞ്ഞത് കുട്ടനാട്ടിലെ പ്രളയത്തിന്റെ കാഠിന്യം വർദ്ധിപ്പിക്കാൻ കാരണമായതായി കണ്ടെത്തിയിട്ടുണ്ട്.<br>പ്രളയത്തിന്റെ പശ്ചാത്തലത്തിൽ നദികൾക്ക് കുറുകെ ജലസേചന വകുപ്പ് മുഖേന നിർമ്മിച്ചിട്ടുള്ള നിർമ്മിതികൾക്ക് സമീപം അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ/ മണൽ/മറ്റ് വസ്തുക്കൾ എന്നിവ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നദികളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ മാറ്റി നദികളുടെ വാഹകശേഷി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സമിതി 07.11.2019 ന് യോഗം ചേരുകയും തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. |

ജലസ്രോതസ്സുകൾ മലിനീകരിക്കുന്ന വർക്കെതിരെ ഉള്ള ശിക്ഷാനടപടികൾ വർദ്ധിപ്പിച്ചുകൊണ്ട് ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ആക്ട് 2018 നിലവിലുണ്ട്. ഇതിൻപ്രകാരം ജലസ്രോതസ്സുകൾ മലിനപ്പെടുത്തു ന്നവർക്ക് കുറഞ്ഞത് ഒരു വർഷവും കൂടിയത് 3 വർഷം വരെ തടവും പരമാവധി 2 ലക്ഷം രൂപ വരെ പിഴയും ചുമത്താവുന്നതാണ്. പ്രസ്തുത നിയമപ്രകാരം ജലമലിനീകരണം ശ്രദ്ധയിൽപ്പെട്ടാൽ പോലീസിൽ പരാതി നൽകുവാൻ ജലസേചന ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ജലമലിനീകരണ(നിയന്ത്രണവും നിവാരണവും) നിയമം 1974, വകുപ്പ് 43 പ്രകാരം ജലമലിനീകരണം തെളിയിക്കപ്പെട്ടാൽ ഒന്നരവർഷത്തിൽ കുറയാതെയും 6 വർഷം വരെ നീളാവുന്നതുമായ തടവും ശിക്ഷയായി നൽകാവു ന്നതാണ്.

കേരള പഞ്ചായത്ത് രാജ് ആക്ട് 1994, കേരള മുൻസിപ്പാലിറ്റി ആക്ട് 1994 എന്നിവ പ്രകാരം ജലമലിനീകരണം നടത്തുന്നവർ ക്കെതിരെ ഗ്രാമ പഞ്ചായത്ത്/നഗരസഭ സെക്രട്ടറി 10,000 രൂപയിൽ കുറയാതെയും 25,000/- രൂപയിൽ കവിയാതെയുമുള്ള പിഴയും ചുമത്താവുന്നതാണ്.

ഖരമാലിന്യങ്ങൾ പൊതു സ്ഥലങ്ങളിലേക്കോ ജലസ്രോതസ്സു കളിലേക്കോ വലിച്ചെറിയുകയോ അനുവദനീയമല്ലാത്ത വിധം കുഴിച്ചു മൂടുകയോ ചെയ്താൽ പരിസ്ഥിതി സംരക്ഷണ നിയമം 1986 പ്രകാരം 5 വർഷം നീളാവുന്ന തടവോ, ഒരുലക്ഷം രൂപ വരെ പിഴയോ, രണ്ടും കൂടിയോ

| | | | |
|---|---|---|---|
| (ബി) | വേമ്പനാട്ടു കായൽ രണ്ടു പതിറ്റാണ്ടിനുള്ളിൽ ചതുപ്പുനിലമാകുമെന്ന് കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല റിപ്പോർട്ട് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേരളത്തിലെ മിക്ക കായലുകൾക്കും ഈ ഗതി ബാധകമാകുമെന്നുകണ്ട് സമഗ്രമായ ഒരു പുനരുദ്ധാരണ പ്ലാൻ തയ്യാറാക്കി ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുമോ; വ്യക്തമാക്കുമോ? | (ബി) | ശിക്ഷിക്കാവുന്നതാണ്.<br><br>വേമ്പനാട്ടുകായലിന്റെ തെക്കൻപ്രദേശത്തെ ചിലഭാഗങ്ങൾ രണ്ട് പതിറ്റാണ്ടിനുള്ളിൽ അപ്രത്യക്ഷമാകാം എന്ന നിരീക്ഷണം കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സയൻസിന്റെ വേമ്പനാട് കായലിന്റെ തെക്കൻഭാഗവും (ആലപ്പുഴ മുതൽ തണ്ണീർമുക്കം വരെ) മധ്യഭാഗവും (തണ്ണീർമുക്കം മുതൽ കൊച്ചി ബാർ മൗത്ത് വരെ) ചേർത്ത് നടത്തിയ പഠനത്തിന്റെ ('Long term changes in Vembanadu Lake and its systems') പ്രാഥമിക നിരീക്ഷണമായി പുറത്തുവന്നിട്ടുണ്ട്. ദീർഘകാലമായുള്ള സിൽറ്റേഷനും (ചെളി അടിയൽ) അതോടൊപ്പം വൻതോതിൽ പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും വന്ന് അടിഞ്ഞ് കൂടിയതും ഇതിന്റെ കാരണമായി നിരീക്ഷിക്കുന്നു. വേമ്പനാട് കായലിന്റെ ഉപരിതല വിസ്തീർണ്ണവും ആഴവും കുറയുന്നതാണ് കുട്ടനാട് പ്രദേശത്തിലെ വെള്ളപ്പൊക്കം രൂക്ഷമാകുന്നതിന്റെ പ്രധാനകാരണം.<br><br>സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കിയ special package for post flood kuttanad - October 2019 എന്ന റിപ്പോർട്ടിൽ വേമ്പനാട് കായൽ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ഊന്നി പറഞ്ഞിട്ടുണ്ട്. ആയതിനുവേണ്ടി "Room for Vembanad" എന്ന ആക്ഷൻ പ്ലാൻ തയ്യാറാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. വേമ്പനാട് തണ്ണീർത്തടത്തിന്റെ ചുറ്റളവിൽ Temporal satelite images, drone based images എന്നിവ ഉപയോഗിച്ച് ഒരു പ്രാഥമിക പഠനം നിർദ്ദേശിച്ചിട്ടുണ്ട്. ഇങ്ങനെ വേമ്പനാട് |

കായലിന്റെ അതിര് നിർണ്ണയിച്ച് ചെയ്ത ശേഷം ഭാവിയിൽ കയ്യേറ്റം തടയുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് ആസൂത്രണ കമ്മീഷന്റെ റിപ്പോർട്ടിൽ പറയുന്നു. ആയതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജലാശയങ്ങളുടെ സംരക്ഷണത്തിനായി ജലസേചനം, ഫിഷറീസ്, റവന്യൂ ഇൻലാന്റ് നാവിഗേഷൻ, പരിസ്ഥിതി, തദ്ദേശസ്വയംഭരണം തുടങ്ങി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചാൽ മാത്രമേ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സാധ്യമാകുകയുള്ളൂ.

സെക്ഷൻ ഓഫീസർ